# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

02.07.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:5801

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുടിവെള്ള വിതരണപ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം പ്രവൃത്തികൾ നടത്തി വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിലേക്കായി ചെയ്തുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ<br>1. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട വനിതാ പോലീസ് സെൽ റോഡിൽ ശുദ്ധജലവിതരണം – 0.6 ലക്ഷം<br>2. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ കിഴക്കേകോട്ട മുതൽ സ്റ്റാച്യൂ വരെ 160 എം.എം. പി.വി.സി. പൈപ്പ് 360 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി – 18.50 ലക്ഷം<br>3. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കിടങ്ങ് ഷാപ്പ്- പനയ്ക്കൽ അമ്പലം- കെ.ഇ. മണിയൻ മോനിപ്പിള്ളി റോഡിൽ 160 മി.മീ. /110 മി.മീ. പി.വി.സി. പൈപ്പ് 1125 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി – 38 ലക്ഷം<br>4. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ 21-ാം വാർഡിൽ പൂയിത്തറ കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി – 12 ലക്ഷം<br>5. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ 31-ാം വാർഡിൽ മോനിപ്പിള്ളി-കല്ലുവച്ചകാട് റോഡിൽ 80 എം.എം. എ.സി. പൈപ്പ് മാറ്റി 110 മി.മീ. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി – 4.6 ലക്ഷം |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | **സംസ്ഥാന ഫണ്ട് ഉപയോഗിച്ച പ്രവൃത്തികൾ**<br>1. മരട് മുനിസിപ്പാലിറ്റിയിൽ സംസ്ഥാന പദ്ധതി ഫണ്ട് ഉപയോഗിച്ച് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 6 പാക്കേജുകൾ ഉൾപ്പെട്ട പ്രവൃത്തി പുരോഗമിച്ച വരുന്നു. (2316 ലക്ഷം രൂപ)<br>2. ചൂണ്ടി വിപുലീകരണ പദ്ധതി പൂർത്തീകരിച്ചു. - 2801 ലക്ഷം |
| (ബി) | ഭരണാനുമതി ലഭിച്ചതും എന്നാൽ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | ഇല്ല. |
| (സി) | എന്നത്തേക്ക് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | (സി) | ഇപ്പോൾ ചെയ്തു വരുന്ന പ്രവൃത്തികൾ മെയ് 2020-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**